**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 433** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് നവീകരണം സാധ്യമാക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പരീക്ഷ സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അക്കാദമിക, വിദ്യാർത്ഥി സമൂഹമുൾപ്പെടെ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തുമോ; പരീക്ഷ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് അനുയോജ്യമായ രീതിയിൽ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിന് ഡോ.സി.റ്റി.അരവിന്ദകുമാർ അധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധനയിലാണ്. |
| (ബി) | അടുത്ത അദ്ധ്യയന വർഷം മുതൽ ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതി പ്രാവർത്തികമാക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ രീതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഇവയുടെ അടിസ്ഥാനത്തിൽ കോഴ്സുകൾ, പ്രോഗ്രാമുകൾ, പഠനം-പരീക്ഷാ- മൂല്യനിർണ്ണയം എന്നീ വിവിധ തലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാലകൾക്ക് ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) | നവീന രീതികൾക്കനുസൃതമായി അദ്ധ്യാപകരുടെ പ്രാഗത്ഭ്യം ഉയർത്തുന്നതിനും എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ? | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെൻറർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce & Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയാണ് ഫാക്കൽറ്റി ഡെവലപ്മെന്റ് സെൻററിന്റെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ